**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **04-07-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം താലൂക്കിലെ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ ഒഴികെ പന്ത്രണ്ട് വില്ലേജുകളിലും റീസർവ്വേ നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ റീസർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | നൂറ് വർഷത്തോളം പഴക്കമുള്ളതും തിരുവിതാംകൂർ രാജാവിന്റെ കാലത്ത് തയ്യാറാക്കിയിട്ടുള്ളതുമായ റെക്കോഡുകളാണ് റീസർവ്വേ പൂർത്തീകരിക്കാത്ത പന്ത്രണ്ട് വില്ലേജുകളിലും നിലവിലുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 918 വില്ലേജുകളിൽ മാത്രമാണ് റീസർവ്വെ പൂർത്തിയാക്കിയിട്ടുള്ളത്. റീസർവ്വെ പൂർത്തിയാകാത്ത വില്ലേജുകളിൽ ലഭ്യമായ ഓൾഡ് സർവ്വെ റിക്കാർഡുകൾ പ്രകാരമാണ് റവന്യൂ ഭരണം നടത്തിവരുന്നത്. |
| (സി) | റീസർവ്വേ പൂർത്തീകരിക്കാത്തതിനാൽ ഭൂമിയുമായി ബന്ധപ്പെട്ട പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ സ്ഥലമുടമകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | റീസർവ്വെ പൂർത്തിയാകാത്ത വില്ലേജുകളിൽ എല്ലാ ഭൂമികളുടെയും മാപ്പുകൾ ലഭ്യമല്ലാത്തതാണ്. ഭൂവുടമസ്ഥർക്ക് വിവിധ ആവശ്യങ്ങൾക്കായി തങ്ങളുടെ ഭൂമി ഈട് വച്ച് സാമ്പത്തിക ആവശ്യങ്ങൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നേടുന്നതിന് നാളതീകരിച്ച മാപ്പ് ആവശ്യമാണ്. ഇത്തരത്തിൽ റീസർവ്വെ റിക്കാർഡുകൾ ലഭ്യമല്ലാത്ത വില്ലേജുകളിൽ പലതരത്തിലുമുള്ള ബുദ്ധിമുട്ടുകൾ സ്ഥലമുടമകൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാലാണ് സംസ്ഥാനത്ത് 4 വർഷക്കാലം കൊണ്ട് പൂർത്തീകരിക്കുന്ന ഡിജിറ്റൽ റീസർവ്വെ നടപടികൾക്ക് സർക്കാർ തുടക്കം കുറിക്കുന്നത്. 807.98 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകി ആദ്യ ഘട്ടത്തിനായി 339.438 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡിജിറ്റൽ റീസർവ്വെ പൂർത്തീകരിക്കുന്നതോടെ ഇത്തരം ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുന്നതാണ്. |
| (ഡി) | നിലവിൽ റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി നടപ്പിലാക്കിവരുന്ന | (ഡി) | ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഭാഗമായി കോതമംഗലം താലൂക്കിലെ വില്ലേജുകൾ ഉൾപ്പെടെ |

| | | | |
|---|---|---|---|
| | ഡിജിറ്റൽ റീസർവ്വേ കോതമംഗലം താലൂക്കിൽ ഏതെല്ലാം വില്ലേജുകളിലാണ് നടന്നുവരുന്നതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; | | സംസ്ഥാനത്തിന്റെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ വകുപ്പിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിനെയും, രണ്ടാം ഘട്ടത്തിൽ കോതമംഗലം, വാരപ്പെട്ടി എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പല്ലാരിമംഗലം വില്ലേജിന്റെ പ്രാരംഭ ഘട്ടത്തിലെ റിക്കാർഡ്ഡു കളക്ഷനുമായി ബന്ധപ്പെട്ട Metadata യും, സ്കാനിംഗ് ജോലികൾ പൂർത്തിയായിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വെയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ടി താലൂക്കിൽ നിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തി റീസർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | ഡിജിറ്റൽ റീസർവ്വേ എത്ര വർഷം കൊണ്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടുന്നത്; | (ഇ) | സംസ്ഥാനത്തെ 1550 വില്ലേജുകളുടെയും ഡിജിറ്റൽ സർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടുന്നത്. |
| (എഫ്) | ഡിജിറ്റൽ റീസർവ്വേയിൽ ഉൾപ്പെടുത്തി കോതമംഗലം താലൂക്കിലെ റീസർവ്വേ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുമോ; വിശദമാക്കാമോ? | (എഫ്) | ഡിജിറ്റൽ റീസർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിൽ കോതമംഗലം താലൂക്കിലെ പല്ലാരിമംഗലം വില്ലേജിനെയും, രണ്ടാം ഘട്ടത്തിൽ കോതമംഗലം, വാരപ്പെട്ടി എന്നീ വില്ലേജുകളേയും ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഡിജിറ്റൽ സർവ്വെയുടെ തുടർന്നുള്ള ഘട്ടങ്ങളിൽ ടി താലൂക്കിൽ നിന്നും കൂടുതൽ വില്ലേജുകളെ ഉൾപ്പെടുത്തി റീസർവ്വെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ